"ഭരണഭാഷ – മാതൃഭാഷ"

ആഡിറ്റ് വി 1/102240/13/ കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി: 10/05/2013
email: dcedeptaudit@gmail.com

24-08-2012 -ലെ വി-1/100001/2012/ഏ.പി./കോ.വി.വ. നമ്പർ ഉത്തരവുപ്രകാരം

വകുപ്പിനു കീഴിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ നടത്തിയ

ശമ്പളനിർണ്ണയത്തിന്മേലുള്ള പരിശോധനാ റിപ്പോർട്ട്.

പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം

1. ശ്രീ. ബർണാഡ്. ജെ. (സീനിയർ സൂപ്രണ്ട്)
2. ശ്രീ. അനിൽ കുമാർ. എസ്. [ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്)]
3. ശ്രീ. ബേബിധരൻ നായർ [ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്)]
4. ശ്രീ. സേവ്യർ. സി.എം. (സീനിയർ സൂപ്രണ്ട്)
5. ശ്രീ. രാജീവ് കുമാർ. കെ. ആർ. (ജൂനിയർ സൂപ്രണ്ട്)
6. ശ്രീ. രാജേഷ്. ജി.ബി. (യു.ഡി. ക്ലാർക്ക്)
7. ശ്രീ. ശ്രീപ്രകാശ്. എസ്. (യു.ഡി. ക്ലാർക്ക്)
8. ശ്രീ. മനു. ബി. (എൽ.ഡി. ക്ലാർക്ക്)
9. ശ്രീ. ആൻഡ്രൂസ്. പി. (എൽ.ഡി. ക്ലാർക്ക്)
10. ശ്രീ. മോഹൻ ദാസ്. വി. (എൽ.ഡി. ക്ലാർക്ക്)

പരിശോധനാ കാലഘട്ടം

12-09-2012 മുതൽ 23-11-2012 വരെ

പരിശോധനാ റിപ്പോർട്ട്

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലെയും അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളനിർണ്ണയത്തിന്മേലുള്ള (സ.ഉ.നം. 85/11/ഫിൻ. തീയതി 26-02-2011 പ്രകാരം) പരിശോധന മേൽപ്പറഞ്ഞ തീയതികളിൽ നടത്തുകയുണ്ടായി. പരിശോധനാ വിവരം (പരാമർശം ഉള്ളവ മാത്രം) അതാതു സ്ഥാപനങ്ങളുടെ പേരിനുകീഴെ ചേർക്കുന്നു.

1. സർക്കാർ കോളേജ് ഹോസ്റ്റൽ, കാസർകോഡ്.
   1. ശ്രീമതി. സീമ. സി.ടി. (യു.ഡി. ക്ലാർക്ക്) - ശ്രീമതി. സീമ. സി.ടി. -യുടെ ശമ്പളം എൽ.ഡി. ക്ളാർക്ക് തസ്തികയിൽ 07/2009 -ൽ 12220/- രൂപയായി നിജപ്പെടുത്തി. 01-04-2010 -ൽ യു.ഡി. ക്ലാർക്കായി പ്രൊമോഷൻ നൽകി ശമ്പളം 13210/- രൂപയായി നിജപ്പെടുത്തി. അടുത്ത ഇൻക്രിമെൻറ് 01-04-2011 മുതൽ നൽകേണ്ടത്

01-07-2011 മുതലാണ് നൽകിയത്. ഇങ്ങനെ തെറ്റായി പാസ്സാക്കിയ ഇൻക്രിമെൻറ് പുതുക്കി നിർണ്ണയിക്കേണ്ടതാണ്.

2. ശ്രീമതി. രാധ. ജി. (സ്വീപ്പർ)-ശ്രീമതി. രാധ. ജി. സർവ്വീസിൽ പ്രവേശിച്ചത് 30-09-2006 -ലും പ്രൊബേഷൻ പൂർത്തീകരിച്ചത് 30-09-2007-ലും ആദ്യ ഇൻക്രിമെൻറ് പാസ്സാക്കിയത് 30-09-2007 -ലുമാണ്. സേവനപുസ്തകത്തിൽ രണ്ടാമത്തെ ഇൻക്രിമെൻറ് പാസ്സാക്കിയിരിക്കുന്ന കാലയളവ് 01-10-2007 മുതൽ 31-08-2008 വരെ എന്നതിനുപകരം 01-09-2007 മുതൽ 31-08-2008 വരെയാണ്. അതുകൊണ്ട് 01-09-2007 മുതൽ 29-09-2007 വരെയുള്ള 29 ദിവസത്തെ അധിക ഇൻക്രിമെൻറ് തുക കണക്കാക്കി തിരിച്ചുപിടിക്കേണ്ടതാണ്.

ക്രമാനുഗതമല്ലാത്ത രീതിയിൽ 01-09-2009 മുതൽ നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക താഴെപ്പറയും പ്രകാരമാണ്.

01-09-2009 മുതൽ 31-08-2010 വരെ 9190/- രൂപയ്ക്ക് പകരം 9440/- രൂപയാണ് നൽകിയത്.

01-09-2010 മുതൽ 31-08-2011 വരെ 9440/- രൂപയ്ക്ക് പകരം 9690/- രൂപയാണ് നൽകിയത്.

കൂടുതലായി നൽകിയ തുക കണക്കാക്കി തിരിച്ചുപിടിക്കേണ്ടതാണ്.

2. <u>ഇ.കെ.എൻ.എം. സർക്കാർ കോളേജ്, എളേരിത്തട്ട്.</u>

1. ശ്രീ. എം. സി. ബിജി (യു.ഡി. ക്ലാർക്ക്) - 01-01-2004 മുതൽ 31-12-2004 വരെയുള്ള ഇൻക്രിമെൻറ് 06-06-2006-ൽ പാസ്സാക്കിയതായിട്ടാണ് സേവന പുസ്തകത്തിലെ പേജ് നമ്പർ 26-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്രയും താമസിച്ചതിനുള്ള കാരണം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

   ശ്രീ. എം. സി. ബിജി (ഡിപ്പാർട്ടുമെൻറ് പരീക്ഷ പാസ്സാവാത്തത്)30-03-2005 -ൽ 10 വർഷത്തെ ഹയർ ഗ്രേഡ് അനുവദിച്ചു. എന്നാൽ 2007 ജനുവരിയിൽ ഡിപ്പാർട്ടുമെൻറ് പരീക്ഷ പാസ്സായെങ്കിലും അയാളുടെ ശമ്പള സ്കെയിൽ പുതുക്കിയിട്ടില്ല. ആയതിനാൽ നിയമപ്രകാരം ശമ്പള സ്കെയിൽ പുതുക്കേണ്ടതാണ്.

3. <u>സർക്കാർ ബ്രണ്ണൻ കോളേജ്, തലശ്ശേരി.</u>

1. ശ്രീ. അസ്സീസ്. എം. (എൽ.ഡി. ക്ളാർക്ക്) - സേവന പുസ്തകത്തിൽ ഡിപ്പാർട്ടുമെൻറ് പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ വിഷയം, തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ശ്രീ. രാഹുൽ. കെ. (എൽ.ഡി. ക്ളാർക്ക്) - 27-08-2010 മുതൽ ശ്രീ. രാഹുൽ.കെ. -യുടെ ശമ്പളം 9940/- രൂപയിൽ നിജപ്പെടുത്തി. 01-08-2011 മുതൽ അടുത്ത ഇൻക്രിമെൻറ് പാസാക്കി ശമ്പളം 10210/- രൂപയ്ക്ക് പകരം 11020/- രൂപയായി നിജപ്പെടുത്തി. ഇത് പുതുക്കുകയും അധികമായി നൽകിയിട്ടുള്ള തുക തിരിച്ചു പിടിക്കേണ്ടതുമാകുന്നു.

3. ശ്രീ. മുരളീധരൻ. കെ. പി. (അറ്റൻഡർ) - ശമ്പള നിർണ്ണയ പട്ടികയിൽ ശമ്പള സ്കെയിൽ 8960-14260/- രൂപയ്ക്കു പകരം 8730-13540/- രൂപയാണ് നൽകിയിരിക്കുന്നത്. അത് പുതുക്കേണ്ടതാണ്.

4. ശ്രീമതി. രാഗിണി. എൻ. ടി. പി. (അറ്റൻഡർ) - ക്രമ നമ്പർ 3 -ലെ പരാമർശം പോലെ.

5. ശ്രീ. പ്രമോദൻ. എം. കെ. (പ്യൂൺ) - സേവന പുസ്തകത്തിൽ 4-)0 പേജിൽ ക്രമ നമ്പർ 16 -ൽ ആദ്യ നിയമനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. <u>സർക്കാർ ബ്രണ്ണൻ കോളേജ് ഹോസ്റ്റൽ, തലശ്ശേരി.</u>

1. ശ്രീമതി. ഷൈലജ. കെ. (സ്വീപ്പർ) - ആദ്യ നിയമനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 27-02-2007 -ലെ ഗവൺമെൻറ് ഉത്തരവ് (പി) നമ്പർ 75/07/ഫിൻ. പ്രകാരം ആർജ്ജിതാവധി രേഖപ്പെടുത്തിയിട്ടില്ല.

5. <u>സർക്കാർ ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി.</u>

1. ശ്രീ. കെ. രമേശൻ (നൈറ്റ് വാച്ച്മാൻ) - സേവനപുസ്തകത്തിലെ 1 മുതൽ 9 വരെയുള്ള പേജുകൾ ശരിയായ രീതിയിൽ പൂരിപ്പിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അത് ഉടൻതന്നെ ചെയ്യേണ്ടതാണ്.

6. <u>സർക്കാർ കോളേജ്, മാനന്തവാടി.</u>

1. ശ്രീമതി. പത്മാവതി. എം. എ. (യു.ഡി. ക്ളാർക്ക്) - ശ്രീമതി. പത്മാവതി. എം. എ.-യ്ക്ക് 05-11-2007 മുതൽ 5650-8790/- രൂപ ശമ്പള സ്കെയിലിൽ എട്ട് വർഷം പൂർത്തീകരിച്ചതിന്റെ ഹയർ ഗ്രേഡ് അനുവദിച്ചു. തുടർന്ന് ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് പാസ്സായതിനാൽ ജനുവരി 2009 മുതൽ 6680-10790/- രൂപ ശമ്പള സ്കെയിലിൽ ശമ്പളം പുനർ നിർണ്ണയിച്ചിട്ടില്ല. നിയമപ്രകാരം ശമ്പള സ്കെയിൽ പുതുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

7. <u>സർക്കാർ കോളേജ്, കൽപ്പറ്റ.</u>

<u>പൊതുവായത്</u>

അർദ്ധ വേതനാവധിയുടെയും, ആർജ്ജിതാവധിയുടെയും നാളിതുവരെയുള്ള അക്കൌണ്ടുകൾ ശരിയാക്കണം.

1. ശ്രീമതി. ലക്ഷ്മി. കെ.പി. - സേവന പുസ്തകത്തിലെ 1 മുതൽ 9 വരെയുള്ള പേജുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ശ്രീ. അജി. പി. (അറ്റൻഡർ) - ശ്രീ. അജി. പി. -യെ 11-10-2011 മുതൽ തസ്തികമാറ്റം വഴി അറ്റന്ററായി നിയമനം നൽകിയപ്പോൾ ശമ്പള സ്കെയിൽ 8960-14260/- രൂപയ്ക്ക് പകരം 8730-13540/- രൂപയാണ് നൽകിയത്. ആയത് ശരിയാക്കേണ്ടതാണ്.

8. <u>സർക്കാർ കോളേജ്, മടപ്പള്ളി.</u>

1. ശ്രീ. സുനിൽ കുമാർ (സാനിറ്റേഷൻ വർക്കർ) - സേവന പുസ്തകത്തിൽ സുനിൽ കുമാറിന്റെ ഓപ്ഷൻ പതിച്ചിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.
2. സ്റ്റെല്ല.എം.എസ്.(അറ്റൻഡർ) - അറ്റൻഡറായി 05/07/2007 തീയതി പ്രാബല്യത്തിൽ 4750-7820 ശമ്പള നിരക്കിൽ നിയമിതയായിട്ടുള്ളതാണ്. ടിയാൾക്ക് സർക്കാർ കത്ത് നം 37482/എഫ്1/10/ഉ.വി.വ തീയതി 27/11/2010 പ്രകാരം കെ.എസ്.ആർ ഭാഗം 1 ചട്ടം 28 എ പ്രകാരമുള്ള ഫിക്സേഷൻ നൽകിയിട്ടില്ല.
3. ദീപ.വി.ആർ (യു.ഡി.ടൈപ്പിസ്റ്റ്) - ടിയാളുടെ സർക്കാർ സർവ്വീസിലെ പ്രവേശന തീയതി 25/2/08 ആണ്. ടിയാളുടെ ഓപ്ഷൻ തീയതി 1/7/09 ആണ്. ടിയാൾക്ക് സർവ്വീസ് വെയ്റ്റേജായി 2 വർഷം നൽകിയിരിക്കുന്നത് തെറ്റാണ്. ഒരു വർഷത്തെ വെയിറ്റേജിന് മാത്രമാണ് അർഹത.
4. മനോജ്.കെ. (എൽ.ഡി.സി) - സേവന പുസ്തകം പതിനേഴാം പേജിൽ ശമ്പളനിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് 8500-13210. ആയത് ശരിയല്ല.
5. ബിന്ദു.വി.ജി (എൽ.ഡി.സി - ഹഗ്രേ.) - ടിയാളുടെ ശമ്പള നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് 11620-20240 എന്ന നിരക്കിലാണ്. എന്നാൽ ടിയാളുടെ ശരിയായ സമ്പളനിരക്ക് 10480-18300 എന്ന നിരക്കിലാണ്.

9. <u>എസ്.എ.ആർ.ബി.ടി.എം. സർക്കാർ കോളേജ്, കൊയിലാണ്ടി.</u>

1. ശ്രീ. അനിൽ കുമാർ. കെ.പി. (പ്യൂൺ) - സേവന പുസ്തകത്തിൽ പി.എസ്.സി. യിൽ നിന്നുള്ള അഡ്വൈസ് മെമ്മോയുടെയും, നിയമന ഉത്തരവിന്റെയും പകർപ്പ് പതിക്കേണ്ടതാണ്.
2. ശ്രീ. അജയകുമാർ. കെ. ആർ. (ലൈബ്രേറിയൻ) - മേൽ പരാമർശം.

10. <u>സർക്കാർ കോളേജ്, മൊകേരി.</u>

1. ശ്രീ. മുജീബ് കൊടക്കൽ(യു.ഡി. ക്ളാർക്ക് ) - സേവന പുസ്തകത്തിൽ പി.എസ്.സി. യിൽ നിന്നുള്ള അഡ്വൈസ് മെമ്മോയുടെയും, നിയമന ഉത്തരവിന്റെയും പകർപ്പ് പതിക്കേണ്ടതാണ്.

2. ശ്രീമതി. പ്രസീത. സി.വി. (എൽ. ഡി. ടൈപ്പിസ്റ്റ്) - മേൽ പരാമർശം.

3. ശ്രീ. വിനോദൻ.കെ (അറ്റന്റർ) - ടിയാന്റെ ശമ്പള സ്കെയിൽ 8960-14260 എന്നതിന് പകരം 8730-13540 എന്ന് രേഖപ്പെടുത്തിയത് പുന:ക്രമീകരിക്കേണ്ടതാണ്.

11. <u>സർക്കാർ കോളേജ്, പേരാമ്പ്ര.</u>

1. ശ്രീമതി. പി.ടി. സീതാരാമൻ - പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ ഒരു പുതിയ ഫോട്ടോ കൂടി സേവന പുസ്തകം Vol. II-ൽ പതിക്കേണ്ടതും പേജ് നം 1 മുതൽ 12 വരെ വേണ്ട എല്ലാ രേഖപ്പെടുത്തലും വരുത്തി പ്രിൻസിപ്പൽ മേലൊപ്പ് വയ്ക്കേണ്ടതാണ്.
2. ശ്രീ. ലതീഷ്. എൻ.പി. (എൽ. ഡി. ക്ളാർക്ക്) - സേവന പുസ്തകത്തിൽ പി.എസ്.സി. യിൽ നിന്നുള്ള അഡ്വൈസ് മെമ്മോയുടെയും, നിയമന ഉത്തരവിന്റെയും പകർപ്പ് പതിക്കേണ്ടതാണ്. അക്കൌണ്ട് ടെസ്റ്റ് - ലോവർ (ഓരോ പേപ്പറും) പാസ്സായതിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. ചന്ദ്രൻ. കെ., അറ്റൻഡർ (ഹ.ഗ്രേ) - ടിയാളുടെ ശമ്പളം 8960-14260 നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ശമ്പളനിരക്ക് 9190-15780 ആയാണ് ശമ്പളം നിർണ്ണയിക്കേണ്ടിയിരുന്നത്.
4. പി.കെ. ഗോപാലൻ, പ്യൂൺ (ഹ.ഗ്രേ) - ശമ്പള നിർണ്ണയ പട്ടിക അനുസരിച്ചുള്ള രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തിയിട്ടില്ല.

12. <u>സർക്കാർ ലോ കോളേജ്, കോഴിക്കോട്.</u>

1. ശ്രീ. സജിത്ത് കുമാർ (അറ്റൻഡർ) - 01/07/2009 -ൽ ശമ്പള സ്കെയിൽ 8960-14260/- രൂപയ്ക്ക് പകരം 8730-13540/- രൂപയാണ് കൊടുത്തിരിക്കുന്നത്. ഒരു പുതിയ ഫിക്സേഷൻ പട്ടിക തയ്യാറാക്കുകയും, അത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

13. <u>സർക്കാർ ലോ കോളേജ് ഹോസ്റ്റൽ, കോഴിക്കോട്.</u>

1. ശ്രീമതി. പുഷ്പ. പി.കെ. (സ്വീപ്പർ) - സേവന പുസ്തകം Vol. II-ൽ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പുതിയ ഒരു ഫോട്ടോകൂടി പതിക്കേണ്ടതാണ്.
2. ശ്രീ. വിപിൻ. കെ.വി. (സാനിറ്റേഷൻ വർക്കർ) - ഫോട്ടോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. ശ്രീമതി. സത്യവതി. കെ. - സേവന പുസ്തകം Vol. II-ൽ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
4. ശ്രീ. സജീഷ് (നൈറ്റ് വാച്ച്മാൻ) - സേവ ന പുസ്തകത്തിൽ പി.എസ്.സി. യിൽ നിന്നുള്ള അഡ്വൈസ് മെമ്മോയുടെയും, നിയമന ഉത്തരവിന്റെയും പകർപ്പ്

പതിക്കേണ്ടതാണ്.

5. ടി. ഇന്ദിര (ഫുൾടൈം സ്വീപ്പർ) - ടിയാളുടെ ഓപ്ഷൻ ഫോം മുഴുവനായി പൂരിപ്പിച്ചിട്ടില്ല.

6. ബാലകൃഷ്ണൻ.ഇ.എം (കുക്ക്) - ടിയാളുടെ ഓപ്ഷൻ ഫോം മുഴുവനായി പൂരിപ്പിച്ചിട്ടില്ല കൂടാതെ ഓപ്ഷൻ തീയതി രേഖപ്പെടുത്തിയിട്ടില്ല.

7. അബൂബക്കർ.എം.എം - ടിയാളുടെ പ്രൊമോഷൻ പോസ്റ്റിലേക്കുള്ള പ്രഖ്യാപനം വാർഡൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14. <u>സർക്കാർ ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ്, കോഴിക്കോട്.</u>

1. ശ്രീ. രാജീവ്.കെ.കെ. (യു.ഡി.സി) - പി.എസ്.സി അഡ്വൈസ് മെമ്മോയുടെയും എംപ്ലോയ്മെന്റ് ഉത്തരവിന്റെയും പകർപ്പുകൾ സാക്ഷ്യപ്പെടുത്തി സർവ്വീസ് ബുക്കിൽ ഉൾക്കൊള്ളിച്ചിരിക്കണം.

2. ശ്രീമതി. ലീനകുമാരി (യു.ഡി. ടൈപ്പിസ്റ്റ്) - സേവനപുസ്തകം രണ്ടാം വാല്യത്തിലെ 1 മുതൽ 12 വരെയുള്ള എല്ലാ പേജുകളും പൂരിപ്പിച്ച് മേലൊപ്പ് വയ്ക്കേണ്ടതാണ്.

3. ശ്രീ. ബി. പുരുഷോത്തമൻ- മുകളിലെ അതേ പരാമർശം.

4. വാസന്തി. വി.എം. (ഫുൾടൈം സ്വീപ്പർ) - ടിയാളുടെ പാർട്ട് ടൈമിൽ നിന്ന് ഫുൾടൈം പോസ്റ്റിലേക്കുള്ള പ്രൊമോഷൻ നിരസിക്കുകയില്ല എന്നുള്ള പ്രഖ്യാപനം പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

15. <u>സർക്കാർ ആർട്ട്സ് & സയൻസ് കോളേജ്, കോഴിക്കോട്.</u>

1. അനിൽകുമാർ.വി (അറ്റൻഡർ) - ടിയാളുടെ ശമ്പളനിർണ്ണയം നടത്തിയപ്പോൾ 8960-14260 എന്ന സ്കെയിൽ നൽകുന്നതിന് പകരം 8730-13540 എന്ന സ്കെയിലാണ് നൽകിയിട്ടുള്ളത് ആയത് പുന:ക്രമീകരിക്കേണ്ടതാണ്.

2. സുധാകരൻനായർ. വി.പി - പരാമർശം മുകളിലേത് തന്നെ.

3. മധു പി. അറ്റൻഡർ - പരാമർശം മുകളിലേത് തന്നെ.

4. അസ്മാ മടത്തിലേവളപ്പിൽ (സാ.വ) – പരാമർശം മുകളിലേത് തന്നെ.

5. മോഹൻ. കെ. അറ്റൻഡർ - അറ്റൻഡർ തസ്തികയിലെ ശമ്പള നിർണ്ണയ പട്ടിക സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ശമ്പള നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് 8730-13540 നിരക്കിലാണ്. ശമ്പള നിരക്ക് 8960-14260 ആക്കി പുന:ക്രമീകരിക്കേണ്ടതാണ്.

6. സൈനബ.ഇ (ഹെർബേറിയം കീപ്പർ) - ടിയാളുടെ ശമ്പള നിരക്ക് 9190-15780

എന്നതിനു പകരം 8160-14260 നിരക്കിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പുനക്രമീകരിക്കേണ്ടതാണ്.

7. ശ്രീമതി. സുമ.എ.വി - പരാമർശം 1 ലേതുപോലെ.
8. ശ്രീ. സുരേഷ് കുമാർ (അറ്റൻഡർ) - 9190-15780 സ്കെയിലിന് പകരം 8960-14260 എന്ന സ്കെയിലാണ് നൽകിയിട്ടുള്ളത്. ആയത് പുന:ക്രമീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അറ്റൻറർമാർ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ആയിരുന്നപ്പോൾ അവർക്ക് റേഷ്യോ പ്രമോഷൻ ലഭിച്ച തീയതിയിൽ റൂൾ 28 എ (ബി) പ്രകാരമുള്ള ശമ്പളനിർണ്ണയം നൽകേണ്ടതാണ്. തുടർന്ന് അറ്റൻഡർ തസ്തികയിൽ ബൈട്രാൻസ്ഫർ ആയി നിയമനം ലഭിച്ച തീയതി മുതൽ 8960-14260 എന്ന സ്കെയിലിൽ വീണ്ടും റൂൾ 28 എ (ബി) പ്രകാരമുള്ള ശമ്പളനിർണ്ണയം നൽകി പകർപ്പ് അയച്ചുതരേണ്ടതാണ്.

9. ശ്രീ.കെ. സഹദേവൻ - 9940-16580 എന്ന സ്കെയിലിന് പകരം 9190-15780 എന്ന സ്കെയിലിലാണ് നൽകിയിട്ടുള്ളത്. ആയത് പുന:ക്രമീകരിക്കേണ്ടതാണ്.

16. <u>ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, കോഴിക്കോട്</u>

1. ശ്രീ. ഷാജു. പി.പി. യു.ഡി.സി - ഫോട്ടോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ശ്രീമതി. നിഷ, എൽ.ഡി.സി - മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പരാമർശം പോലെ
3. ശ്രീ.കെ. രാജൻ, സ്വീപ്പർ (ഹ.ഗ്രേ) - സേവനത്തിൽ പ്രവേശിച്ച തീയതി 15/5/2001 എന്നതിന് പകരം 20/7/57 എന്ന് തെറ്റായി രേഖപ്പെടുത്തിയത് ശരിയാക്കേണ്ടതാണ്.

17. <u>ഡി.ഡി. കോഴിക്കോട്</u>

1. ശ്രീമതി. ഷറീന.പി - ഫോട്ടോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

18. <u>സർക്കാർ കോളേജ്, കോടഞ്ചേരി</u>

1. വിനോദ് കുമാർ. കെ.കെ (നൈറ്റ് വാച്ച്മാൻ) - ഫോട്ടോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പി.എസ്.സി അഡ്വൈസ് മെമ്മോയുടെയും അപ്പോയ്മെന്റ് ഉത്തരവിന്റേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സർവ്വീസ് ബുക്കിൽ ഉൾക്കൊള്ളിക്കണം.
2. വേസാ, സ്വീപ്പർ - പേഴ്സണൽ പേ ആയി 71/- രൂപ നൽകുന്നത് ജി.ഒ (പി) നം. 85/11/ഫിൻ. ഉത്തരവ് പ്രകാരം പുന:ക്രമീകരിക്കേണ്ടതാണ്.

19) <u>സർക്കാർ കോളേജ്, അട്ടപ്പാടി</u>

1. ശ്രീ. വി. ശ്രീകുമാർ, പ്യൂൺ - ശമ്പള ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് സേവന പുസ്തകത്തിൽ പതിച്ചിട്ടില്ല.
2. ഇ.എം. അബ്ദുൾ റഹിമാൻ (എച്ച്.എ) - സേവനപുസ്തകം വാല്യം 2 ൽ ആവശ്യമായ എല്ലാ

രേഖപ്പെടുത്തലും നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

20. <u>സർക്കാർ കോളേജ്, കൊഴിഞ്ഞാമ്പാറ</u>

1. ശ്രീമതി. സമീന.കെ (യു.ഡി.ടൈപ്പിസ്റ്റ്) - എൽ.ഡി. ടൈപ്പിസ്റ്റ് ആയി 23/4/08 ൽ ജോലിയിൽ പ്രവേശിച്ചു. 23/4/10 ൽ യു.ഡി. ടൈപ്പിസ്റ്റ് ആയി ഉദ്യോഗക്കയറ്റം ലഭിച്ചു. 23/4/10 ൽ 13210/- ആയിരുന്ന അടിസ്ഥാന ശമ്പളം 1/7/10 ൽ 13,900/- ആയി തെറ്റായി നിജപ്പെടുത്തി. അധികമായി നൽകിയ തുക കണക്കാക്കി തിരിച്ച് പിടിക്കേണ്ടതാണ്.

21. <u>സർക്കാർ കോളേജ്, ചിറ്റൂർ</u>

1. വിശ്വനാഥൻ (സാനിട്ടേഷൻ വർക്കർ)
ടിയാന്റെ ശമ്പളനിർണ്ണയ പട്ടികയിൽ 3 വർഷം സർവ്വീസ് വെയിറ്റേജ് ആയി 100/- രൂപ നൽകിയത് പുനക്രമീകരിച്ച് പുതിയ പട്ടിക രേഖപ്പെടുത്തുക.

22. <u>വിക്ടോറിയ കോളേജ് ഹോസ്റ്റൽ, പാലക്കാട്</u>

1. വി.കെ. കൃഷ്ണൻകുട്ടി, സ്വീപ്പർ
ഓപ്ഷൻ തീയതിയായ 1/10/09 ൽ ടിയാന്റെ ശമ്പളം 6530/- രൂപയാണ് എന്നാണ് ശമ്പളനിർണ്ണയത്തിന് 6680/- രൂപയായി പരിഗണിച്ച് 12550/- ൽ നിജപ്പെടുത്തിയിരിക്കുന്നു. ടിയാന് 12220/- രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ.

2. വിൻസന്റ് ആന്റണി രാജ്, ഫുൾടൈം കുക്ക് - ടിയാന്റെ ഗ്രേഡ് പ്രൊമോഷന്റെ ശമ്പള നിർണ്ണയപട്ടിക സേവനപുസ്തകത്തിൽ പതിച്ചിട്ടില്ല.

3. പി.എസ്. ചന്ദ്രൻ, സാനിട്ടേഷൻ വർക്കർ (ഹ.ഗ്രേ) - ടിയാളുടെ ഓപ്ഷൻഫോമിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാന ശമ്പളം 1/7/2009 ൽ 6380 ആണ്. ശമ്പള പരിഷ്കരണപ്രകാരമുള്ള ശമ്പളനിർണ്ണയ പട്ടികയിൽ കോളം 9 (എ) യിൽ രേഖപ്പെടുത്തിയിരിക്കുന്നത് 6530 ആണ്. ടി അടിസ്ഥാന ശമ്പളം വച്ചാണ് ശമ്പളം നിർണ്ണയിച്ചിരിക്കുന്നത്. ആയത് ശരിയല്ല.

4. ഖദീജ.എ., സ്വീപ്പർ - ടിയാളുടെ ഓപ്ഷൻ തീയതിയിൽ ടിയാൾക്ക് 6 വർഷത്തെ സേവനം പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ സർവ്വീസ് വെയിറ്റേജിനായി 5 വർഷം മാത്രമേ കണക്കാക്കിയിട്ടുള്ളൂ.

23. <u>സി.എം.ജി. മ്യൂസിക് കോളേജ്, പാലക്കാട്</u>

1. ശ്രീ. സതീഷ് ബാബു (യു.ഡി.ടി) - എൽ.ഡി. ടൈപ്പിസ്റ്റായിരുന്നപ്പോഴുള്ള ശമ്പളം9940-16580 ന് പകരം 9190-15780 എന്ന സ്കെയിലിലാണ് നൽകിയിട്ടുള്ളത്.

24. <u>സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി</u>

1. ശ്രീ. രാമചന്ദ്രൻ.റ്റി (അറ്റന്റർ) - ടിയാൻ 8 വർഷത്തെ ഹയർഗ്രേഡ് അനുവദിച്ചപ്പോൾ 9190-15780/- സ്കെയിൽ നൽകേണ്ടതിന് പകരം 8960-14260/- സ്കെയിലാണ് നൽകിയിട്ടുള്ളത്.

2. ശ്രീ. രവീന്ദ്രനാഥ്.ഒ.പി. (യു.ഡി.സി) - 703/- രൂപ സർവ്വീസ് വെയിറ്റേജ് നൽകുന്നതിന് പകരം 719/- രൂപയാണ് നൽകിയിട്ടുള്ളത്. ആയത് ശരിയായ രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

3. ശ്രീ. ശിവദാസ് പി.എസ്. യു.ഡി.സി (ഹയർ ഗ്രേഡ്) - ശമ്പളനിർണ്ണയ പട്ടിക സേവന പുസ്തകത്തിൽ ഒട്ടിച്ചിട്ടില്ല.

25. <u>സർക്കാർ സംസ്കൃത കോളേജ് ഹോസ്റ്റൽ, പട്ടാമ്പി</u>

1. ശ്രീ. സി.പി നാരായണൻകുട്ടി. യു.ഡി.സി - യു.ഡി ക്ലാർക്കിന്റെ ശമ്പളസ്കെയിൽ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

26. <u>സർക്കാർ നിയമ കോളേജ്, തൃശ്ശൂർ</u>

1. ശ്രീ. വിദ്യാധരൻ.കെ. (അറ്റന്റർ) - ടിയാന് ഹയർഗ്രേഡ് അനുവദിച്ചപ്പോൾ 9190-15780 എന്ന സ്കെയിലിന് പകരം 8960-14260 സ്കെയിലാണ് നൽകിയിട്ടുള്ളത്

27. <u>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, തൃശ്ശൂർ</u>

1. ശ്രീ. അമ്പിളി ഗോപാൽ - 2006 ലെ pay revision option form സർവ്വീസ് ബുക്കിൽ ഒട്ടിച്ചിട്ടില്ല.

3. ശ്രീ. അനീഷ് കുമാർ. എം.എ, എൽ.ഡി.സി - 7/3/11 മുതൽ 31/3/11 വരെ തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ടിയാന്റെ സേവനകാലയളവിലെ ശമ്പളനിർണ്ണയം ടി ഓഫീസിൽ നിന്നും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയത് ടിയാൻ ചാലക്കുടി സർക്കാർ കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ടപ്പോൾ ടി കോളേജിലെ പ്രിൻസിപ്പാൾ യാതൊരു കാരണവും കൂടാതെ 7/3/11 മുതൽ 31/3/11 വരെയുള്ള ഡയറക്ടറേറ്റിലെ രേഖപ്പെടുത്തലുകൾ റദ്ദുചെയ്ത് 7/3/11 മുതൽ 9/8/11 വരെ ചാലക്കുടി കോളേജിൽ സേവനമനുഷ്ഠിച്ച കാലയളവുൾപ്പെടെ പുതിയ ചേർക്കലുകൾ വരുത്തിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈ നടപടിക്ക് വിശദീകരണം ആവശ്യമാണ്.

28. <u>ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യുക്കേഷൻ, തൃശ്ശൂർ</u>

1. ശ്രീമതി.പി.വി. സുനന്ദ – ഗ്രേഡ് അനുവദിച്ച ഉത്തരവിന്റേയും ഉദ്യോഗകയറ്റം നൽകിയ

ഉത്തരവിന്റേയും കോപ്പികൾ സർവ്വീസ് ബുക്കിൽ ഒട്ടിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട എല്ലാകോപ്പികളും സർവ്വീസ് ബുക്കിൽ തീർച്ചയായും ഉൾപ്പെടുത്തിയിരിക്കണം.

2. ശ്രീമതി. രത്നകുമാരി.എം (അറ്റന്റർ) - ടിയാന്റെ സേവനപുസ്തകം ഉപയോഗശൂന്യമായതിനാൽ ടി പുസ്തകം ലാമിനേറ്റ് ചെയ്ത് ഭദ്രമായി സൂക്ഷിക്കേണ്ടതും പുതിയ ഒരു സേവനപുസ്തകത്തിൽ തുടർന്നുള്ള രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

29. <u>കെ.കെ.ടി.എം. സർക്കാർ കോളേജ്, പുല്ലൂറ്റ്</u>

1. ശ്രീമതി. സ്വപ്ന.ഡി.റ്റി (എൽ.ഡി.ടൈപ്പിസ്റ്റ്) - ടിയാൾ സേവനത്തിൽ പ്രവേശിച്ചത് 2/7/08 നും പ്രൊബേഷൻ ഡിക്ലയർ ചെയ്തത് 30/9/10 നുമാണ്. എന്നാൽ ടിയാന്റെ രണ്ടാമത്തെ ഇൻക്രിമെന്റ് 30/9/10 മുതൽ നൽകുന്നതിന് പകരം 1/7/10 ന് നൽകിയത് നിയമവിരുദ്ധമാണ്. ആയതിനാൽ ടിയാന് അധികമായി നൽകിയ തുക തിരിച്ച് പിടിക്കുകയും രണ്ടാമത്തെ ഇൻക്രിമെന്റ് 30/9/10 മുതൽ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

2. ശ്രീ.ജീസൺ.കെ - ടിയാന്റെ അറ്റന്റർ തസ്തികയിലെ ഓപ്ഷൻ സേവന പുസ്തകത്തിൽ പതിച്ചിട്ടില്ല.

3. ശ്രീമതി ഗീത. പി.ഡി (അറ്റന്റർ) - ടിയാന്റെ 15 വർഷ സേവത്തിനുള്ള ഹയർഗ്രേഡ് ലഭിച്ചപ്പോൾ9190-15780 എന്ന സ്കെയിലിന് പകരം 8960-14260 എന്ന സ്കെയിൽ നൽകിയത് പുനർനിർണയിച്ച് നൽകേണ്ടതാണ്.

4. എം.എൻ. ബാബു (അറ്റന്റർ) - മുകളിലെ അതേ പരാമർശം.

30. <u>മഹാരാജാസ് കോളേജ്, എറണാകുളം</u>

1. ശ്രീ. രാധാകൃഷ്ണൻ. എ.എൻ, യു.ഡി. ക്ലാർക്ക് (ഹയർ ഗ്രേഡ്) - സേവന പുസ്തകവാല്യം രണ്ടിലെ പേജ് 1 മുതൽ 11 വരെ രേഖപ്പെടുത്തി പുതിയ ഫോട്ടോഗ്രാഫ് പതിച്ച് അറ്റസ്റ്റ് ചെയ്യേണ്ടതാണ്.

2. ശ്രീമതി. സജിത.റ്റി.ഐ. (എൽ.ഡി.ക്ലാർക്ക്) - ശമ്പള നിർണ്ണയ പട്ടികയിലെ 6840 രൂപാ അടിസ്ഥാന ശമ്പളത്തിന്റെ 64% ക്ഷാമബത്ത 5754 എന്നാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ 4,378 ആണ് കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ആകെ ശമ്പളം ശരിയായാണ് കണക്കാക്കിയിരിക്കുന്നത് ആയതിനാൽ മേൽ തെറ്റ് തിരുത്തി പുതിയ ശമ്പള നിർണ്ണയ പട്ടിക സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.

3. ശ്രീ. സനിൽ ആർ (അറ്റന്റർ) - സേവന പുസ്തകത്തിൽ ഫോട്ടോ പതിച്ചതായി കാണുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

31. <u>ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം</u>

1. മേരി നിർമ്മല, യു.ഡി. ക്ലാർക്ക് - ശമ്പള നിർണ്ണയ പട്ടിക സേവനപുസ്തകത്തിൽ പതിച്ചതായി കാണുന്നില്ല. സേവന പുസ്തകം വാല്യം രണ്ടിൽ പേജ് 1 മുതൽ 11 വരെ

ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പുതിയ ഫോട്ടോ പതിക്കേണ്ടതാണ്.

2. ഗിരീഷ് കുമാർ.ബി. (ഓഫീസ് അറ്റൻഡന്റ്) - ടിയാൻ മലപ്പുറം ജില്ലയിൽ സിവിൽ ജുഡീഷ്യറി ഡിപ്പാർട്ട്മെന്റിൽ പ്യൂണായി സർവ്വീസിൽ പ്രവേശിക്കുകയും മൂന്ന് വർഷത്തിനുശേഷം പ്രോസസ് സർവ്വർ (ശമ്പള നിരക്ക് 4750-7820) ആയി പ്രൊമോട്ട് ചെയ്യിട്ടുള്ളതാണ്. ടിയാന് 5 വർഷം ടി ജില്ലയിൽ പൂർത്തിയായ മുറയ്ക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് മാറ്റം വാങ്ങിയിട്ടുള്ളതാണ്. അന്തർ വകുപ്പ് മാറ്റത്തിനായി ടിയാന്റെ എൻട്രി പോസ്റ്റായ പ്യൂൺ പോസ്റ്റിലേക്ക് റിവേർഷൻ വാങ്ങിയിട്ടുള്ളതാണ്. (റിവേർഷൻ, ആയതിനെ തുടർന്നുള്ള ശമ്പളനിർണ്ണയം മുതലായവ സേവന പുസ്തകത്തിൽ പതിച്ചിട്ടില്ല) എന്നാൽ ടിയാന്റെ ശമ്പളനിർണ്ണയത്തിന് (1-7-09) ടിയാന്റെ പ്രൊമോട്ടട് പോസ്റ്റായ പ്രോസസ് സർവ്വർ (4750-7820) ശമ്പളനിരക്കിലെ അടിസ്ഥാന ശമ്പളമായ 5380 ആണ് എടുത്തിരിക്കുന്നത്. ആയത് അനുവദനീയമല്ല. ആയതിനാൽ ശമ്പളനിർണ്ണയം പുനപരിശ്ശോധിച്ച് അധികമായി വാങ്ങിയ തുക തിരിച്ചടക്കേണ്ടതാണ്.

3. ശ്രീമതി. ബിന്ദുമോൾ.കെ. സെലക്ഷൻ ഗ്രേഡ്, ടൈപ്പിസ്റ്റ് - 27/2/07-ലെ 75/07/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ആർജ്ജിത അവധി പുന:ക്രമീകരിച്ചിട്ടില്ല. കൂടാതെ ടിയാളുടെ ആർജിതാവധിയും അർദ്ധ വേതനാവധിയും നാളിതുവരെയുള്ളത് കണക്കാക്കി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ശ്രീ. അജിത് ചന്ദ്രൻ.സി. (പ്യൂൺ) - സേവന പുസ്തകത്തിലെ രണ്ടും നാലും പേജുകൾ പരിശോധിച്ച് മേലൊപ്പ് വച്ചിട്ടില്ല. കൂടാതെ പി.എസ്.സിയുടെ നിയമന ശുപാർശ, നിയമന ഉത്തരവ്, ജീവനക്കാരനെ സംബന്ധിക്കുന്ന മറ്റ് എല്ലാ ഉത്തരവുകളുടെയും മേലൊപ്പ് വച്ച് പകർപ്പ് കൃത്യമായും സേവന പുസ്തകത്തിൽ ഒട്ടിച്ച് വയ്ക്കേണ്ടതാണ്. കോളേജിലെ മറ്റെല്ലാ ജീവനക്കാരുടെ കാര്യത്തിലും ടി കാര്യം ശ്രദ്ധിക്കേണ്ടതാണ്.

5. ശ്രീമതി. ഷീജ. സി (എൽ.ഡി.സി) - ഡിപ്പാർട്ട്മെന്റൽ പരീക്ഷ ജയിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് മേലൊപ്പ് വച്ച് ഒട്ടിച്ചിട്ടില്ല.

6. ശ്രീ. പൂർണ്ണചാന്ദ്.എസ്.കെ. (എൽ.ഡി.സി) - ക്രമനം. 3 ലെ അതേ പരാമർശം.

32. <u>സർക്കാർ കാര്യാലയം, കാര്യവട്ടം</u>

1. ജോണി, അറ്റൻഡർ - ടിയാന് 31/07/06 പ്രാബല്യത്തിൽ അറ്റൻഡറായി പ്രൊമോഷൻ ലഭിച്ചിട്ടുള്ളതാണ്. സർക്കാർ കത്ത് നം. 37482/എഫ് 1/10 ഉ.വി.വ, തീയതി 27/11/2010 പ്രകാരം ടിയാൻ കെ.എസ്.ആർ. ഭാഗം 1 ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുള്ളതാണ്. ടിയാളിൽ നിന്ന് ഓപ്ഷൻ വാങ്ങി സേവന പുസ്തകത്തിൽ പതിച്ചിട്ടില്ല. ആകയാൽ എസ്റ്റാ/ബി1/1940/06 കോ.വി.വ തീയതി

28/07/06 പ്രകാരമുള്ള ശമ്പള നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്. കൂടാതെ ടിയാനിൽ നിന്ന് ഓപ്ഷൻ വാങ്ങി സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്.

2. ശ്രീ. സെയ്യദീൻ.എം (അറ്റൻഡർ) - സേവനപുസ്തകത്തിലെ പേജ് നം. 20-ൽ ടിയാൻ അറ്റന്റർ ആയി പ്രമോഷൻ ലഭിച്ചപ്പോൾ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നിന്ന് 24/10/07 ൽ ശരിയായി നിർണ്ണയിച്ച് നൽകിയ ശമ്പളം, പേര്, നമ്പർ 26-ൽ യാതൊരു കാരണവും കൂടാതെ 24/10/07 മുതലുള്ള ശരിയായ ശമ്പള നിർണ്ണയത്തെ ജീവനക്കാരന് നഷ്ടം ഉണ്ടാക്കുന്ന വിധത്തിൽ പുനർ നിർണ്ണയിച്ച് നൽകിയിരിക്കുന്നു. തുടർന്ന് 01/07/09 മുതൽ ഉള്ള ശമ്പള പരിഷ്കരണവും തെറ്റായിട്ടാണ് നിർണ്ണയിച്ചിരിക്കുന്നത്. ആയത് പേജ് നം. 20 ലെ നിർണ്ണയം നിലനിർത്തി 1/7/09 ലെ ശമ്പള പരിഷ്കരണം പുനർനിർണ്ണയിക്കേണ്ടതാണ്.

33. <u>തിരുവനന്തപുരം സർക്കാർ ആർട്സ് കോളേജ്</u>

1. ശ്രീ. ടി. വിജയകുമാർ (അറ്റൻഡർ) - ടിയാന്റെ ശമ്പള സ്കെയിൽ രൂപ 8960-14260 ന് പകരം രൂപ 8730-13540 എന്ന സ്കെയിലിലാണ് ഇപ്പോഴത്തെ ശമ്പളം നിജപ്പെടുത്തിയിരിക്കുന്നത്. ആയത് തിരുത്തി സമർപ്പിക്കേണ്ടതാണ്.

2. ശ്രീ. സിബു.ആർ (ഓഫീസ് അറ്റന്റന്റ്) - സേവന പുസ്തകത്തിലെ രണ്ടാം പേജിൽ ഒൻപതാം കോളത്തിലെ രേഖപ്പെടുത്തലുകൾ മേലൊപ്പ് വച്ചിട്ടില്ല.

3. ശ്രീ. ഹരികുമാരൻ നായർ.ടി (അറ്റൻറർ) - ക്രമനമ്പർ 1 ലെ പരാമർശം പോലെ ശമ്പള സ്കെയിലിൽ മാറ്റം വരുത്തേണ്ടതാണ്.

34. <u>സർക്കാർ ലോ കോളേജ് തിരുവനന്തപുരം</u>

1. ശ്രീ. ബാബു.ജി. (അറ്റൻഡർ - ഹ.ഗ്രേ) - ടിയാളുടെ ശമ്പള നിരക്ക് 9190-15780 എന്നതിനു പകരം 8960-14260 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ശരിയായ രീതിയിൽ പുന:ക്രമീകരിക്കേണ്ടതാണ്.

2. വി.ബിനു. പ്യൂൺ (ഹ.ഗ്രേ) - ടിയാന് 2/8/2011 ൽ ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളതാണ്. ടിയാന്റെ യഥാർത്ഥ ഇൻക്രിമെന്റ് തീയതിയായ 1/12/2011 ആണ് ശമ്പളനിർണ്ണയത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. നോഷണൽ ഇൻക്രിമെന്റ് തീയതിയായ 02/08/2011 മുതൽ 30/11/2011 വരെയുള്ള ശമ്പള നിരക്ക് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തേണ്ടതാണ്.

35. <u>യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം</u>

1. എൻ. വിജയനാചാരി, അറ്റൻഡർ (ഹ.ഗ്രേ) - ടിയാൻ 11/03/1997 ൽ സർക്കാർ സർവ്വീസിൽ പ്യൂണായി പ്രവേശിച്ചിട്ടുള്ളതും 19/3/2001 ൽ അറ്റന്ററായി പ്രൊമോട്ട് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ടിയാന് 10/3/2005 പ്രാബല്യത്തിൽ 8 വർഷത്തെ ഹയർ

ഗ്രേഡ് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടി ഗ്രേഡ് അനുവദിച്ച നടപടി ശരിയല്ല. ടിയാന് 18/3/2009 ൽ മാത്രമേ ഹയർഗ്രേഡിന് അർഹതയുള്ളൂ. ടിയാൻ 10/3/2005 വരെ പ്യൂൺ പോസ്റ്റിൽ തുടർന്നിരുന്നെങ്കിൽ മാത്രമേ 8 വർഷത്തെ ഗ്രേഡിന് 10/3/05 ൽ അർഹനാവുകയുള്ളൂ. ആയതിനാൽ 145/06 ഫിൻ. തീയതി 25/3/2006 ലെ ശമ്പള നിർണ്ണയം മുതൽ പുനർനിർണ്ണയിക്കേണ്ടതാണ്.

2. അജയകുമാർ.എസ്. (അറ്റൻഡർ) - ശമ്പള നിരക്ക് 8960-14260 എന്നതിനുപകരം 8730-13540 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
3. വി. ഹരീന്ദ്രൻ നായർ (അറ്റൻഡർ) - അറ്റൻഡർ പോസ്റ്റിലേക്കുള്ള ശമ്പളനിർണ്ണയ പട്ടിക സേവന പുസ്തകത്തിൽ പതിച്ചിട്ടില്ല.
4. ശ്രീ. മുഹമ്മദ് റാഫി.എസ്. (നൈറ്റ് വാച്ച്മാൻ) - ടിയാളുടെ ആദ്യ വർഷസേവന കാലയളവായ 3/2/11 മുതല് 2/2/12 വരെയുള്ള ആർജിത അവധി 1/22 ആയി കണക്കാക്കുന്നതിന് പകരം 1/11 ആയിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ആയത് 1/22 ആയി കണക്കാക്കുകയും ലീവ് സറണ്ടർ ഇനത്തിൽ അർഹതയില്ലാത്ത തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി അധികതുക തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അയടക്കുവാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.
5. ശ്രീ. അമ്പിളി. പി. (അറ്റന്റർ) - 28/1/09 ൽ ടിയാളെ അറ്റൻററായി സ്ഥാനക്കയറ്റം നൽകി ശമ്പളം നിർണ്ണയിച്ചപ്പോൾ 6/10/09 ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സി4/1616/09/കോ.വി.വ നമ്പറായുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് കെ.എസ്.ആർ. ഭാഗം ഒന്നിലെ ചട്ടം 28 പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യം നൽകിയിരുന്നില്ല. എന്നാൽ 27/11/10 ലെ സർക്കാർ കത്ത് നം. 37482/എഫ്1/10/ഉ.വി.വ പ്രകാരം ബൈടാൻസ്ഫർ മുഖാന്തിരമുള്ള അറ്റൻറർ നിയമനത്തിന് കെ.എസ്.ആർ ഭാഗം ഒന്നിലെ ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തിന് അർഹതയുള്ളതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിയാന്റെ ഓപ്ഷൻഫാറം പരിശോധിച്ച് അർഹമായ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.
6. ശ്രീ. ടി. സുകുമാരൻ (ഗാർഡനർ) - 1/12/10 മുതൽ ടിയാൾക്ക് 23 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് 5250-8390 ശമ്പള സ്കെയിലിൽ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ആയത് 9940-16580 എന്ന സ്കെയിലിന് പകരം 9190-15780 സ്കെയിലിലാണ് പുതുക്കി നൽകിയിരിക്കുന്നത്. ആയത് പുന:നിർണ്ണയിക്കേണ്ടതാണ്.

36. <u>സർക്കാർ കലാലയം, മൂന്നാർ</u>

1. ഷാജി.പി.വി, ഓഫീസ് അറ്റൻഡന്റ് - ശമ്പള നിർണ്ണയത്തിനുള്ള ഓപ്ഷൻ ഫോം

പ്രിൻസിപ്പൽ മേലൊപ്പ് ഇട്ടിട്ടില്ല.

2. രാജൻ. എ.ആർ - പരാമർശം മുകളിലേത് തന്നെ
3. വേണുഗോപാൽ.ജി (ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2) - ശമ്പള നിർണ്ണയ പട്ടികയുടെ ക്രമ നം.4 പൂരിപ്പിച്ചിട്ടില്ല.

37. <u>സർക്കാർ കോളേജ്, കട്ടപ്പന</u>

1. ഗിരീഷ്.ഡി, യു.ഡി.സി - ടിയാളുടെ ശമ്പളനിർണ്ണയത്തിനുള്ള ഓപ്ഷൻ ഫോമിൽ ടിയാൻ ഒപ്പിട്ടിട്ടില്ല.
2. എം.എസ്.നൗഷാദി. എൽ.ഡി.സി - ശമ്പള നിർണ്ണയത്തിനുള്ള ഓപ്ഷൻ ഫോമിൽ ടിയാൻ ഒപ്പിട്ടിട്ടില്ല.
3. എൻ. അനിൽ കുമാർ. യു.ഡി.സി - ശമ്പളനിർണ്ണയത്തിനുള്ള ഓപ്ഷൻ ഫോമിൽ മേലധികാരി ഒപ്പിട്ടിട്ടില്ല.

38. <u>സർക്കാർ കോളേജ്, കോട്ടയം</u>

1. വൽസമ്മ (അറ്റൻഡർ) - ടിയാളുടെ അറ്റൻഡർ പ്രൊമോഷന്റെ ഓപ്ഷൻഫോമിൽ പ്രൊമേഷൻ പ്രാബല്യതീയതി രേഖപ്പെടുത്തിയിട്ടില്ല.
2. രവീന്ദ്രൻ.എ.വി. (അറ്റൻഡർ ഗ്രേഡ് 1) - ടിയാളുടെ ശമ്പള നിർണ്ണയത്തിന് പാർട്ട്ടൈം സർവ്വീസ് കൂടി കണക്കാക്കിയിരിക്കുന്നത് ശരിയല്ല. ആയതിനാൽ ശമ്പള നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്.

39. <u>പി.റ്റി.എം. സർക്കാർ കോളേജ്, പെരിന്തൽമണ്ണ</u>

1. രാമൻ.എം. സ്വീപ്പർ (ഹ.ഗ്രേ) - ടിയാളുടെ ശമ്പളനിരക്ക് 9940-16580 എന്നതിനുപകരം 9190-15780 എന്ന നിരക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

40. <u>സർക്കാർ ടീച്ചർ എഡ്യുക്കേഷൻ കോളേജ്, തിരുവനന്തപുരം</u>

1. ശ്രീ. ആർ. പ്രേംരാജ്, അറ്റന്റർ - ടിയാൾക്ക് പ്യൂണിൽ നിന്നും അറ്റന്ററായി സ്ഥാനക്കയറ്റം ലഭിച്ചപ്പോഴുള്ള ശമ്പള നിർണ്ണയം തെറ്റായിട്ടാണ് നടത്തിയിട്ടുള്ളത്. ഓപ്ഷൻ ഫോറവും സേവനപുസ്തകത്തിൽ കാണുന്നില്ല. ആയതിനാൽ ടിയാൾ സമർപ്പിച്ചിട്ടുള്ള ഓപ്ഷൻഫോറം പരിശോധിച്ച് ശരിയായ വിധത്തിൽ ശമ്പളം പുന:നിർണ്ണയിക്കേണ്ടതാണ്.

   രണ്ടാം പേജിലെ ക്രമനം. 9 ഉം 11 ഉം എട്ട്, ഒൻപത് പേജുകൾ പരിശോധിച്ച് മേലൊപ്പ വച്ചിട്ടില്ല. ടിയാളുടെ ഫോട്ടോയും ഒട്ടിച്ചതായി കാണുന്നില്ല.
2. ശ്രീമതി. മീനാക്ഷി.ആർ. (എൽ.ഡി.സി) - പേജ് നം. 2 ലെ ക്രമ നം. 90, 11 ഉം മേലൊപ്പ് വച്ചിട്ടില്ല.

41. <u>സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം</u>

1. ശ്രീമതി. സിന്ധുകുമാരി .വി.എൽ - ടിയാൾ പ്രമോ,ൻ ലഭിക്കുന്നതിനുവേണ്ടിയുള്ള

പി.എസ്.സി നടത്തുന്ന ഡിപ്പാർട്ടുമെന്റ് പരീക്ഷ ജയിക്കാത്തതിനാൽ ടിയാൾക്ക് രൂപ 5650 – 8790 എന്ന ശമ്പള സ്കെയിലിലാണ്, ആദ്യത്തെ സമയബന്ധിത ഗ്രേഡ് നൽകിയിരിക്കുന്നത്. എന്നാൽ ടിയാൾ ടി പരീക്ഷ ജനുവരി 2010 ൽ ജയിച്ചപ്പോൾ ജനുവരി 2010 മുതൽ രൂപ 6680 – 10790 ശമ്പള സ്കെയിലിലേയ്ക്ക് ടിയാളുടെ ശമ്പളം പുന:നിർണ്ണയിച്ച് നൽകിയിട്ടില്ല.

26/2/11 ലെ 85/11/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ശമ്പള സ്കെയിൽ 1/7/09 മുതൽ 10480-18300 എന്ന സ്കെയിലിലും തുടർന്ന് 2010 ജനുവരി മുതൽ 13210-22360/- എന്ന സ്കെയിലിൽ നിർണ്ണയിക്കുന്നതിന് പകരം 1/7/09 മുതൽ തന്നെ 13210-22360 എന്ന സ്കെയിലിൽ നിർണ്ണയിച്ചിരിക്കുന്നു. ഇങ്ങനെ തെറ്റായിട്ടുള്ള ശമ്പളനിർണ്ണയം പുന:പരിശോധിച്ച് ശരിയായ രീതിയിൽ ശമ്പളം നിർണ്ണയിക്കുകയും അധിക കുടിശ്ശിക കൈപ്പറ്റിയത് സർക്കാരിലേക്ക് തിരിച്ചടപ്പിക്കേണ്ടതുമാണ്.

2. ശ്രീമതി. ആശാസാബു. യു.ഡി.സി - ടിയാളുടെ ആർജിതാവധി 27/2/07 ലെ 75/07/ഫിൻ നം. സർക്കാർ ഉത്തരവനുസരിച്ച് ക്രമീകരിച്ചിട്ടില്ല.

4. ശ്രീമതി. കെ.ജയപ്രഭ (അറ്റന്റർ) - ടിയാൾക്ക് സമയബന്ധിതഗ്രേഡ് അനുവദിച്ച് രൂപ 9940-16580/- സ്കെയിലിൽ ശമ്പളം നിർണ്ണയിച്ച് നൽകിയിരിക്കുന്നു. എന്നാൽ ടിയാൾക്ക് രൂപ 9190 – 15780 എന്ന ശമ്പള സ്കെയിലിനുമാത്രമേ അർഹതയുള്ളൂ. ആയതിനാൽ തെറ്റായി നിർണ്ണയിച്ച നൽകിയ ശമ്പള സ്കെയിൽ പുന: പരിശോധിച്ച് പുന:നിർണ്ണയിച്ച് നൽകേണ്ടതാണ്.

42. <u>സർക്കാർ കോളേജ് ഹോസ്റ്റൽ, തിരുവനന്തപുരം</u>

1. ശ്രീ. എം.പി.നാരായണൻ നായർ (കുക്ക്) - ടിയാന്റെ സേവന പുസ്തകത്തിലെ പേജ് നം. 31 ലേയും 33 ലേയും യാതൊരു രേഖപ്പെടുത്തലുകളും വാർഡൻ മേലൊപ്പ് വച്ചിട്ടില്ല.

43. <u>സർക്കാർ സംസ്കൃത കോളേജ്, തിരുവനന്തപുരം</u>

1. ശ്രീ. നൈസാം. എ.എസ്.,എൽ.ഡി.സി - പി.എസ്.സിയുടെ നിയമന ശുപാർശ നിയമന ഉത്തരവ് എന്നിവയുടെ പകർപ്പുകൾ സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.

2. ശ്രീ. പി.എം. വിനോദ് (അറ്റന്റർ-ഹ.ഗ്രേഡ്) - ടിയാന് 1/1/11 ൽ ആദ്യത്തെ സമയബന്ധിത ഹയർഗ്രേഡ് 9190-15780 എന്നതിന് പകരം 8960-14260 എന്ന ശമ്പളസ്കെയിലിലാണ് ശമ്പളം നിജപ്പെടുത്തി നൽകിയിട്ടുള്ളത്. ആയത് ശരിയാക്കി പുന:നിർണ്ണയിച്ച നൽകേണ്ടതാണ്.

44. <u>സർക്കാർ കോളേജ്, ആറ്റിങ്ങൽ</u>

1. ശ്രീ. ആർ.സെയിൻ (ലൈബ്രേറിയൻ) - ടിയാൻ ഗ്രേഡ് അനുവദിച്ച സർക്കാർ ഉത്തരവ് സേവന പുസ്തകത്തിൽ പതിച്ചിട്ടില്ല.

2. ശ്രീമതി. വി.ജലജ - ടിയാന്റെ സേവന പുസ്തകത്തിലെ പേജ് നം. 1 ഉം 2 ഉം മേലൊപ്പുവച്ചിട്ടില്ല.

45. <u>ശ്രീ. ബേബിജോൺ സ്മാരക സർക്കാർ കോളേജ്, ചവറ</u>

1. ശ്രീമതി.വി.സി. ഗീതാമണി.എച്ച്.എ - ടിയാളുടെ നിലവിലെ രണ്ട് വാല്യം സേവന പുസ്തകങ്ങളും ഉപയോഗശൂന്യമാണെന്ന് കണ്ടു. ടി പുസ്തകങ്ങൾ ബയന്റ് ചെയ്ത് സൂക്ഷിക്കുകയും മുന്നാമതൊരണ്ണം പുതിയതായി ഉപയോഗിക്കേണ്ടതുമാണ്.
2. ശ്രീ. ക്ലീറ്റസ് ജോസ്(ലൈബ്രറിയൻ ഗ്രേഡ് 4) - സേവന പുസ്തകത്തിലെ പേജ് നം. 4 മേലൊപ്പ് വച്ചിട്ടില്ല.
3. ശ്രീ. എം.വി. കാർത്തികേയൻ (അറ്റൻഡർ) - ടിയാന് 8960-14260 എന്ന സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിന് പകരം 8730-13540 എന്ന സ്കെയിലിലാണ് ശമ്പളം നിർണ്ണയിച്ച് നൽകിയിരിക്കുന്നത്.

46. <u>സർക്കാർ കോളേജ്, കോട്ടയം</u>

1. ശ്രീ. ഷിമോൻ.കെ.എസ്. (യു.ഡി.സി) - ഡിപ്പാർട്ട്മെന്റ് പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സേവനപുസ്തകത്തിൽ ഒട്ടിച്ചിരിക്കുന്നതിൽ ടി പരീക്ഷ ജയിച്ച മാസവും വർഷവും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി സർട്ടിഫിക്കറ്റ് അംഗീകരിക്കാൻ കഴിയില്ല. പി.എസ്.സി.യിൽ നിന്നും ഡ്യൂപ്ലക്കേറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
2. ശ്രീമതി. റജിലാബീവി.കെ.കെ (അറ്റന്റർ) - ശമ്പളനിർണ്ണയസ്കെയിൽ 9190-14260 ൽ നിന്നും 9940-15380 എന്ന സ്കെയിലിലേക്ക് മാറ്റി നിർണ്ണയിക്കേണ്ടതാണ്.
3. ശ്രീമതി.ബ്രിജിത.കെ.പി. (അറ്റൻഡർ) - ശമ്പള നിർണ്ണയ സ്കെയിൽ 8960 – 13210 എന്നത് 9190-14280 എന്ന സ്കെയിലാക്കി മാറ്റേണ്ടതാണ്.

47. <u>സർക്കാർ കോളേജ്, കാസർഗോഡ്</u>

1. ശ്രീ. സാലൊമോൻ.ടി.കെ (അറ്റന്റർ)

മിക്കവാറും എല്ലാ സർവ്വീസ് ബുക്കിലും ശൂന്യവേതനാവധി രേഖപ്പെടുത്തികാണുന്നില്ല. മേലിൽ ഇത്തരത്തിലുള്ള വീഴ്ച സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്യൂൺ തസ്തികയിൽ ഉള്ളവർ അറ്റന്റർ പോസ്റ്റിലേയ്ക്ക് ബൈടാൻസ്ഫർ നിയമനം കിട്ടിയപ്പോൾ ശമ്പളപരിഷ്കരണസമയത്തുള്ള ശമ്പള സ്കെയിൽ 8960-14260 ആയിരുന്നു. പക്ഷേ സർവ്വീസ് ബുക്കിൽ 8730-13540 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന ശമ്പളസ്കെയിൽ 8960-14260 എന്ന് മാറ്റേണ്ടതാണ്.

48. <u>കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ്</u>

1. <u>ശ്രീ. ഷിബു.എ (അറ്റന്റർ)</u>

(i) 85/11/ഫിൻ. സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളനിർണ്ണയത്തിന് തെരഞ്ഞെടുത്തിരിക്കുന്ന ഓപ്ഷൻ തീയതി 21/10/09 ആണ്. എന്നാൽ സേവന പുസ്തകത്തിലെ പേജ് നം. 26 ൽ 02/10/09 മുതൽ ശമ്പളം പുനർ നിർണ്ണയിച്ചതായിക്കാണുന്നു. ആയതിനാൽ 02/10/09 മുതൽ 20/10/09 വരെ കൈപ്പറ്റിയ അധികതുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

2. <u>ശ്രീ. ദിനേഷ് കുമാർ. ആർ. (പ്യൂൺ ഹയർ ഗ്രേഡ്)</u>

85/11/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം 9/1/10 മുതൽ 9940-16580 സ്കെയിലിൽ ശമ്പളം നിർണ്ണയം നടത്തിയപ്പോൾ 16180/- രൂപയിൽ ശമ്പളം നിർണ്ണയിക്കുന്നതിന് പകരം 15780 + 400 പേഴ്സണൽ പേ ആയിട്ടാണ് നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ സേവനപുസ്തകത്തിൽ പേജ് നം. 20 ൽ 1/1/11 മുതൽ 16580/- രൂപ നൽകുന്നതിന് പകരം 16580 + 400 സ്റ്റാഗിനേഷൻ ഇൻക്രിമെൻറായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 9/1/10 മുതലുള്ള ടിയാന്റെ എല്ലാ ശമ്പളനിർണ്ണയവും പുന:ക്രമീകരിക്കേണ്ടതാണ്.

3. <u>ശ്രീ. സദാനന്ദൻ (ഗാർഡനർ - ഹയർ ഗ്രേഡ്)</u>

ടിയാൻ 85/11/ഫിൻ ഉത്തരവ് പ്രകാരം 1/9/09 മുതൽ ശമ്പളം നിർണ്ണയിച്ചപ്പോൾ 9940-16580 സ്കെയിലിനുപകരം 9190-15780 സ്കെയിലാണ് നൽകിയിട്ടുള്ളത്. കൂടാതെ 27 വർഷത്തെ ഗ്രേഡ് അനുവദിച്ച്ത് 10480-18300 സ്കെയിലിന് പകരം 11620-20240 സ്കെയിലിലാണ്. ആയത് പുന:ക്രമീകരിക്കേണ്ടതാണ്.

4. <u>ശ്രീ. കെ. ഗോപാലകൃഷ്ണൻ നായർ(അറ്റന്റർ-ഹയർഗ്രേഡ്)</u>

ടിയാൻ 1/7/04 ൽ 145/06/ഫിൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളനിർണ്ണയം നടത്തിയപ്പോൾ4750-7820 എന്ന സ്കെയിൽ നൽകുന്നതിന് പകരം 4400-6680 എന്ന ശമ്പള സ്കെയിലിലാണ് ശമ്പളം നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. ആയതിനാൽ ടി ശമ്പള നിർണ്ണയം പുന:ക്രമീകരിക്കേണ്ടതാണ്.

5. <u>ശ്രീമതി. ബീനാറാണി.ടി.എസ്. യു.ഡി.സി</u>

ടിയാൻ 8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് 27/6/11 മുതൽ 11620-20240 എന്ന സ്കെയിലിലാണ് അനുവദിച്ച് നൽകിയത്. 85/11/ഫിൻ. ഉത്തരവിലെ അനക്സർ III ലെ ഖണ്ഡിക (6) ലെ നിർദ്ദേശം അനുസരിച്ച് 10480 – 18300 സ്കെയിലിൽ പുനക്രമീകരിച്ച് നൽകേണ്ടതാണ്.

6. <u>ശ്രീമതി. സിസിലി ഏലിയാസ് (സി.എ.ഗ്രേഡ് 1)</u>

1. ടിയാന് 145/06/Fin സർക്കാർ ഉത്തരവ്പ്രകാരം ശമ്പളം നിർണയിച്ച് നൽകിയപ്പോൾ 6080-9830 സ്കെയിൽ നൽകുന്നതിന് പകരം 5930-9590 സ്കെയിലാണ് നൽകിയിരിക്കുന്നത്. ആയത് പുനക്രമീകരിക്കേണ്ടതാണ്.
2. ടിയാന് 8 വർത്തെ സേവനത്തിനുള്ള സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചപ്പോൾ 7990-12930 സ്കെയിൽ നൽകുന്നതിന് പകരം 6680-10740 സ്കെയിലാണ് നൽകിയിട്ടുള്ളത്. അതും പുനക്രമീകരിക്കേണ്ടതാണ്.
3. ഹയർഗ്രേഡ് ലഭിച്ച ടിയാന് പ്രമോഷൻ ലഭിച്ചപ്പോൾ 1/06/09 മുതൽ ശമ്പളം അനർഹമായി പുനനിർണ്ണയിച്ചു നൽകിയത് ക്രമീകരിക്കേണ്ടതാണ്.

7. <u>എ. അനിൽ കുമാർ - അറ്റൻഡർ:</u> ഓപ്ഷൻ മേലൊപ്പ് ഇട്ടില്ല. അറ്റൻറർ പ്രമോഷൻ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

8. <u>രാജൻ.എസ്. - പ്യൂൺ (ഹയർ ഗ്രേഡ്)</u> : ടിയാൾ 3.07.96 ൽ സർവ്വീസിൽ പ്രവേശിച്ചു ഓപ്ഷൻ 1/7/09 ആണ്. 1.7.09 ന് 12 വർഷം മാത്രമേ ആകുന്നുള്ളൂ. ശമ്പള നിർണയത്തിലെ സർവ്വീസ് വെയിറ്റേജിന് 13 വർഷം കണക്കാക്കിയത് പുനക്രമീകരിക്കണം.

9. <u>മനോജ്. വി</u> -ടിയാന് 8/6/12 (പ്രാബല്യത്തിൽ യു.ഡി.ക്ലാർക്കായി പ്രൊമോഷൻ നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ അക്കൌണ്ട് ടെസ്റ്റ് പാസായതിന്റെ വിവരങ്ങൾ സർവ്വീസ് ബുക്കിൽരേഖപ്പെടുത്തിയിട്ടില്ല.

10. <u>ഷീന. വി</u> - ടിയാൾ 7.08.09 ൽ ഒ.എ. ആയി ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിൽ സർവ്വീസ് ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ ടിയാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 28.10.09 FN ആണ്. ജോലിയിൽ പ്രവേശിച്ച തീയതി ആയി ശമ്പള നിർണ്ണയപട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

11. <u>സി.എൻ. ഔസേഫ്</u> - ടിയാന് 15 വർഷത്തെ ഹയർ ഗ്രേഡ് നൽകിയിരിക്കുന്നത് 13210-23360 സ്കെയിലിൽ ആണ്. എന്നാൽ ടിയാന് അർഹതപ്പെട്ട സ്കെയിൽ 11620-20240 സ്കെയിൽ ആണ്.

12. <u>ശ്രീമതി. കുശലകുമാരി.സി</u> - എൽ.ഡി.സി- ടിയാൾ 03.05.1999 ൽ എൽ.ഡി ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതും 25/3/06 ലെജി.ഒ.(പി) നം. 145/06/ഫിൻ. ഉത്തരവ് പ്രകാരം 1/7/04 ൽ 5510 രൂപയായി 5250-8390 ശമ്പളനിരക്കിൽ ശമ്പളം നിശ്ചയിച്ചിട്ടുള്ളതാണ്. ടിയാൾക്ക് 1/7/09 തീയതിയിലെ അടിസ്ഥാന ശമ്പളം 6230 രൂപയിൽ നിർണ്ണയിക്കുന്നതിന് പകരം 5510/-

രൂപയിലാണ് നിർണ്ണയിച്ചിട്ടുള്ളത്. ടിയാളുടെ സേവനപുസ്തകത്തിൽ ജി.പി.എഫ്,ജി.ഐ.എസ് എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (ടിയാൾക്ക് അനക്സർ II ലെ ഖണ്ഡിക 10 പ്രകാരം 6230 രൂപാഅടിസ്ഥാനശമ്പളത്തിന് അർഹതയുള്ളതാണ്.)

13. ഹാരിസാസ്. എച്ച് (സി.എ) - ടിയാളുടെ 17.01.05 മുതലുള്ള മുൻസർവ്വീസും കൂടി കണക്കിലെടുത്ത് ടിയാളിൽ നിന്നും ഓപ്ഷൻ വാങ്ങി ശമ്പളം പുനർനിർണ്ണയിക്കേണ്ടതാണ്. നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 9/8/10 ആണ് ശമ്പളനിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നത്.

14. ബൈജു.റ്റി, യു.ഡി.സി -15 വർഷത്തെ ഹയർഗ്രേഡിന്റെ ഉത്തരവിന്റെ പകർപ്പും ഓപ്ഷൻ ഫോറവും സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്.

15. ജെ.ബി. സതീഷ് കുമാർ, എൽ.ഡി.സി - 7/5/2010 ൽ എൽ.ഡി.ക്ലാർക്ക് ആയപ്പോൾ 9940- 16580 എന്ന സ്കെയിലിൽ ഫിക്സേഷൻ നൽകേണ്ടതുംഅതനുസരിച്ച് ഇൻക്രിമെന്റ് പുനർക്രമീകരിയ്ക്കേണ്ടതുമാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ റിപ്പോർട്ട് സ്ഥാപനമേധാവികൾ ഡൗൺലോഡ് ചെയ്ത് മേൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട ചെയ്യേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എൽ.ജി. 03/05/13